**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1541** **30-08-2022 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വികസന കുതിപ്പിന് കാരണമാകുന്ന വിഴിഞ്ഞം പദ്ധതി കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | വിഴിഞ്ഞം പദ്ധതി കരാർപ്രകാരമുള്ള പൂർത്തീകരണ തീയതിക്കുള്ളിൽ പൂർത്തിയാക്കാൻ കരാർ കമ്പനിക്ക് സാധിച്ചിട്ടില്ല. പദ്ധതിയുടെ നിർണ്ണായക ഘടകമായ പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായ പാറ യഥാസമയം ലഭ്യമാക്കുന്നതിന് കരാർ കമ്പനിക്ക് കഴിയാതെ വന്ന സാഹചര്യത്തിലാണ് പദ്ധതി വൈകിയത്. ഇതിനെതുടർന്ന് കരാർ കമ്പനി നേരിട്ട് ക്വാറികൾ സ്ഥാപിച്ച് പാറ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ സ്വീകരിക്കുകയുണ്ടായി. ക്വാറികൾ സ്ഥാപിക്കുന്നതിനായി കരാർ കമ്പനി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള വിവിധ വകുപ്പ് / ഏജൻസികളെ ഏകോപിച്ചും ത്വരിതപ്പെടുത്തികൊണ്ടും അനുമതികൾ ലഭ്യമാക്കുന്നതിനായി സർക്കാർ വിവിധ തലത്തിൽ യോഗങ്ങൾ നടത്തുകയും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പുലിമുട്ട് നിർമ്മാണത്തിന്റെ പുരോഗതി നിരന്തരം വിലയിരുത്തി പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും നൽകിവരുന്നു. |
| (ബി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ കൂടുതൽ ഗതാഗത സൗകര്യങ്ങൾ നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ? | (ബി) | വിഴിഞ്ഞം തുറമുഖത്തെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന ഒരു ഔട്ടർ റിംഗ് റോഡ് നിർമ്മിക്കുന്നതിന് ദേശീയപാതാ അതോറിറ്റി അനുമതി നൽകിയിട്ടുണ്ട്. ഈ പ്രോജക്ടിന് ഏതാണ്ട് 8000കോടി രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. തിരുവനന്തപുരം പാരിപ്പള്ളിയിൽ നിന്നാരംഭിച്ച് വിഴിഞ്ഞം തുറമുഖവുമായി ബന്ധിപ്പിക്കുന്ന തരത്തിലാണ് റോഡ് വിഭാവനം ചെയ്തിരിക്കുന്നത്. തുറമുഖത്തെ ദേശീയ പാതയുമായി (NH-66) ബന്ധിപ്പിക്കുന്ന 2 km റോഡ് കണക്ടിവിറ്റി, പദ്ധതിയുടെ ഭാഗമായി കരാർ കമ്പനി നിർമ്മാണം നടത്തി വരുന്നു. ഇതിനാവശ്യമായ രണ്ട് |

| | | | |
|---|---|---|---|
| | | | പാലങ്ങളുടെ പ്രവൃത്തി ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. മറ്റ് പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ടി റോഡും, ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന ഇന്റർസെക്ഷന്റെ പ്ലാൻ NHAI തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. നിർദ്ദിഷ്ട തുറമുഖവും ദക്ഷിണ റെയിൽവേ ശൃംഖലയിലെ ഏറ്റവും അടുത്ത സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന ഒരു റെയിൽവേ ലൈൻ സർക്കാർ സ്ഥാപിക്കണമെന്ന് കരാർ വ്യവസ്ഥയുണ്ട്. കേന്ദ്ര പൊതുമേഖല സ്ഥാപനമായ കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് ((KRCL)) മുഖേന തയ്യാറാക്കിയ, തുറമുഖത്തെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന 10.7 Km റെയിൽവേ ലൈനിന്റെ പ്രോജക്ട് റിപ്പോർട്ടിന് ദക്ഷിണ റെയിൽവേയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് പ്രകാരം പദ്ധതി നടപ്പാക്കുന്നതിന്, ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ